# കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു. ചെയർപേഴ്സൺ

**എച്ച്. ആർ.എം.പി നമ്പർ : 1090/11/12/2025/TVM**

പരാതികക്ഷി

ഷാഹിദ ബീവി
യു.എസ് മൻസിൽ, നാലുമുക്ക്
കൊഞ്ചിറ പി.ഒ, വെമ്പായം
തിരു:വനന്തപുരം

എതിർകക്ഷി

**ഉത്തരവ് തീയതി : 03. 06. 2025**

പരാതികക്ഷിക്ക് ലൈഫ് പദ്ധതി പ്രകാരം ലഭിച്ച വീടിന് പഞ്ചായത്തിൽ നിന്നും പെർമിറ്റ് നൽകുന്നില്ലെന്നും മറ്റുമാണ് പരാതി.

2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ 11.03.2025 ലെ റിപ്പോർട്ട് ഫയൽ ചെയ്തു. വെമ്പായം പഞ്ചായത്തിലെ ലൈഫ് 2020 ഭവന നിർമ്മാണ പദ്ധതിയിൽ (ID NO LIFE/1/267/325241) 320 ക്രമനമ്പരായി ഉൾപ്പെട്ട അർഹതയുള്ള ഗുണഭോക്താവാണ് പരാതികക്ഷിയെന്നും ടിയാൾ ഭവന നിർമ്മാണം ആരംഭിക്കുകയും നിലവിൽ ലിന്റൽ വരെയുള്ള പണികൾ പൂർത്തികരിച്ചിട്ടുണ്ടെന്നും ഈ അവസരത്തിൽ പരാതികക്ഷിയുടെ അയൽവാസിയായ ശ്രീ ജോൺ സാമുവേൽ, IAS (കോട്ടയം ജില്ലാ കളക്ടർ) വീടിന്റെ നിർമ്മാണം വസ്തു അതിർത്തിയോട് ചേർന്നാണ് ചെയ്തിരിക്കുന്നതെന്നും എന്ന പരാതി പഞ്ചായത്തിൽ അറിയിക്കുകയുണ്ടായെന്നും തുടർന്ന് നടത്തിയ അന്വേഷണത്തിൽ ഇരു വ്യക്തികളുടേയും അതിർത്തി കല്ലുകൾ സ്ഥാപിച്ചിട്ടില്ലാത്തതും ഇത് സംബന്ധിച്ച് പരാതി നിലനിൽക്കുന്ന സാഹചര്യത്തിൽ ഒരു സർവ്വേയറുടെ സഹായത്തോടെ വസ്തു അളന്ന് അതിർത്തി നിർണ്ണയിക്കുവാൻ LSGD ഓവർസിയറിൻറെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രണ്ട് വ്യക്തികളോടും വെമ്പായം ഗ്രാമ പഞ്ചായത്തിൽ നിന്നും രേഖാമൂലം അറിയിക്കുകയുണ്ടായെന്നും ടി കത്തിന്റെ അടിസ്ഥാനത്തിൽ പരാതികക്ഷി സർവ്വേയറെ അളവിനായി കൊണ്ടുവന്നെങ്കിലും രണ്ടാംകക്ഷി ആ സമയത്ത് ഹാജരാവുകയുണ്ടായില്ലെന്നും തുടർന്ന് 05/03/2025 ന് വീണ്ടും ഇത് സംബന്ധിച്ച ഓർമ്മക്കുറിപ്പ് അയയ്ക്കുകയും ചെയ്തിട്ടുള്ളതാണെന്നും ടി വസ്തു അളന്ന് തിട്ടപ്പെടുത്തി അതിർത്തി തർക്കം പരിഹരിക്കുന്ന മുറയ്ക്ക് തുടർ പരിശോധന നടത്തി പരാതികക്ഷിക്ക് ബിൽഡിംഗ്

പെർമിറ്റ് അനുവദിക്കുന്നതാണെന്നുള്ള നടപടി സ്വീകരിക്കുന്നതാണെന്നാണ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്.

3. നോട്ടീസയച്ചതിനെ തുടർന്ന് പരാതിക്കാരൻ ഹാജരായി പ്രിൻസിപ്പൽ ഡയറക്ടറുടെ 11.03.2025 ലെ റിപ്പോർട്ടിനെതിരെ 03.06.2025 തീയതിയിലെ ആക്ഷേപം ഫയൽ ചെയ്തു. പ്രശ്ന പരിഹാരത്തിന് പഞ്ചായത്ത് ഒരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നും ടിയാൾ ബോധിപ്പിച്ചു. ഇരുകക്ഷികളുടെയും വസ്തുവിന്റെ അതിർത്തി കല്ലുകൾ സ്ഥാപിച്ചിട്ടില്ലെന്നും അളന്ന് അതിർത്തി നിർണ്ണയിക്കാൻ ഇരുകക്ഷികളോടും രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ടെന്നും റിപ്പോർട്ട് വെളിവാക്കുന്നു.

4. ഈ സാഹചര്യത്തിൽ ഇരുകക്ഷികളുടെയും വസ്തു അളന്ന് തിരിച്ച് കല്ലിട്ടതിന്റെ റിപ്പോർട്ട് സർവ്വേയറിൽ നിന്നും പഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കണമെന്നും തുടർന്ന് ഇരു കക്ഷികൾക്കും മുൻകൂട്ടി നോട്ടീസ് കൊടുത്ത് LSGD Assistant Engineer യുമായി സ്ഥല പരിശോധന നടത്തി രേഖകളും പരിശോധിച്ച് നിയമാനുസരണമുള്ള തീരുമാനം എടുത്ത് ഏറിയാൽ മൂന്നാഴ്ച്ചക്കുള്ളിൽ തീരുമാനമെടുത്ത് പരാതി സമയബന്ധിതമായി പരിഹരിച്ചതായി LSGD പ്രിൻസിപ്പൾ ഡയറക്ടർ ഉറപ്പാക്കണം. പരാതികക്ഷിക്കും അനന്തര നടപടികൾക്കായി പഞ്ചായത്ത് സെക്രട്ടറിക്കും LSGD പ്രിൻസിപ്പൽ ഡയറക്ടർക്കും ഈ ഉത്തരവിന്റെ പകർപ്പ് അയക്കുക.

( ഒപ്പ്)
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

(ശരിപ്പകർപ്പ്)

രജിസ്ട്രാർ.